## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2954</u> <u>11.12.2014 - ൽ മറുപടിക്ക്</u>

## <u>എയ്ഡഡ് മേഖലയിൽ സ്പെഷ്യൽ സ്കൂളുകൾ</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് എയ്ഡഡ് മേഖലയിൽ എത്ര സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 37 സ്കൂളുകൾ |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (ബി) | 11 സ്പെഷ്യൽ സ്കൂളുകൾക്ക് (ഹയർ സെക്കണ്ടറി വിഭാഗം-3, ഹൈസ്കൂൾ വിഭാഗം-3, പ്രൈമറി ഉൾപ്പെടെയുള്ളത്-5) സർക്കാർ എയ്ഡഡ് പദവി നൽകിയിട്ടുണ്ട്. |
| (സി) സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (സി) | 09.11.1969 -ലെ ജി.ഒ.(പി) 412/69/വി.വ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് സ്പെഷ്യൽ സ്കൂളുകൾക്ക് (അന്ധ -ബധിര വിദ്യാലയങ്ങൾക്ക്) സർക്കാർ എയ്ഡഡ് പദവി നൽകുന്നത്.<br>കൂടാതെ 28.04.14-ലെ സ.ഉ(പി) |

നം. 69/2014/പൊ.വി.വ പ്രകാരം ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് താഴെ പറയുന്ന മാനദണ്ഡങ്ങൾ പ്രകാരം എയ്ഡഡ് പദവി നൽകുന്നതിന് സർക്കാർ തത്വത്തിൽ അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

UID പ്രകാരമുള്ള കുട്ടികളുടെ എണ്ണം, അദ്ധ്യാപക വിദ്യാർത്ഥി അനുപാതം, അദ്ധ്യാപകരുടെയും ജീവനക്കാരുടെയും വിദ്യാഭ്യാസ യോഗ്യത, സ്കൂളുകൾ തമ്മിലുള്ള ദൈർഘ്യം, കുട്ടികളുടെ അഡ്മിഷൻ സംബന്ധിച്ച വ്യവസ്ഥകൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്ന തീയതി മുതൽക്കേ സ്കൂളുകൾക്ക് എയ്ഡഡ് പദവി ലഭിക്കുകയുള്ളൂ.

| | |
|---|---|
| (ഡി) നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) ജി.ഒ.(പി.) 412/69/പൊ.വി.വ എന്ന ഉത്തരവിന് കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനു വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>മാനസികമായ വെല്ലുവിളികൾ നേരിടുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകളെ |

എയ്ഡഡ് പദവിയിലേക്ക് ഉയർത്തുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിനായി മൂന്നംഗ ഔദ്യോഗിക കമ്മിറ്റിയെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**